# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *547 — 07.07.2014-ൽ മറുപടിയ്ക്ക്

### മുനിസിപ്പാലിറ്റി /കോർപ്പറേഷൻ രൂപീകരണത്തിനുള്ള മാനദണ്ഡങ്ങൾ

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി ഇ. എസ് . ബിജിമോൾ<br>ശ്രീ. സി. ദിവാകരൻ<br>„ ഇ . കെ. വിജയൻ<br>„ കെ. അജിത് | ശ്രീ.മഞ്ഞളാംകുഴി അലി<br>(ബഹു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമെന്നും ഏതെല്ലാമെന്നും അറിയിക്കുമോ ; | എ) ഉണ്ട്. നഗരസ്വഭാവം ആർജ്ജിച്ചിട്ടുള്ള പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് പുതുതായി നഗരസഭകൾ രൂപീകരിയ്ക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി 10.06.2014ലെ സർക്കാർ ഉത്തരവ് (സാധാ) നം.1465/2014/തസ്വഭവ പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| ബി) പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ബി) കേരള മുനിസിപ്പൽ ആക്ടിലെ 4-ാം വകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടെ ഒരു പരിവർത്തനാത്മക പ്രദേശത്തെ ഒരു ടൗൺ പഞ്ചായത്തായും, താരതമ്യേന ചെറിയ ഒരു നഗര പ്രദേശത്തെ ഒരു മുനിസിപ്പൽ കൗൺസിലായും, താരതമ്യേന വലിയ ഒരു നഗര പ്രദേശത്തെ ഒരു മുനിസിപ്പൽ കോർപ്പറേഷനായും രൂപീകരിക്കാവുന്നതാണ്. അതുപോലെ തന്നെ സർക്കാരിന് ഏതെങ്കിലും മുനിസിപ്പൽ പ്രദേശത്തെ രണ്ടോ അതിലധികമോ മുനിസിപ്പൽ പ്രദേശങ്ങളായി വിഭജിക്കുവാനും രണ്ടോ അതിലധികമോ മുനിസിപ്പൽ പ്രദേശങ്ങളെ സംയോജിപ്പിക്കുവാനും ഒരു മുനിസിപ്പാലിറ്റിയിലുൾപ്പെട്ട ഏതെങ്കിലും ഒരു പ്രദേശത്തെ ആ മുനിസിപ്പാലിറ്റിയിൽ നിന്നും ഒഴിവാക്കിയോ ഒരു മുനിസിപ്പൽ പ്രദേശത്തോട് |

ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന പഞ്ചായത്തിലെ ഭൂപ്രദേശം ആ മുനിസിപ്പാലിറ്റിയോട് കൂട്ടിച്ചേർത്തുകൊണ്ടോ ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ പരിധി കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുവാനും ഒരു മുനിസിപ്പൽ കൌൺസിലിനെ മുനിസിപ്പൽ കോർപ്പറേഷനായി പരിവർത്തനപ്പെടുത്തുവാനും കേരള മുനിസിപ്പൽ ആക്ടിലെ 4-ാം വകുപ്പ് പ്രകാരം അധികാരമുണ്ട്.

സെക്ഷൻ ഓഫീസർ